പഴയകുന്നുമ്മേൽ പഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവർ

1298 [2326] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ നിന്നും കർഷക തൊഴിലാളി പെൻഷനു 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിലെ എത്രപേർക്കു കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അതിൽ പുരുഷൻമാർ എത്ര, സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കു കൂടി കർഷക തൊഴിലാളി പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷക തൊഴിലാളി പെൻഷനു വേണ്ടി ഈ പഞ്ചായത്തിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നു, എന്നും എത്രപേർക്കു പെൻഷൻ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 721

(ബി) 305 പേർക്കു പെൻഷൻ അനുവദിച്ചു. ഇതിൽ പുരുഷൻമാർ—130, സ്ത്രീകൾ—175.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കിട്ടിയ അപേക്ഷകളുടെ എണ്ണം—473. പെൻഷൻ അനുവദിച്ചവരുടെ എണ്ണം—355.

കശുവണ്ടി തൊഴിലാളികളുടെ സമരം

1299 [2327] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികളുടെ സമരത്തിൽ ഏതെല്ലാം സംഘടനകളാണ് പങ്കെടുത്തിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമരം ഒത്തു തീർപ്പാക്കുന്നതിനു എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി തൊഴിലാളികളുടെ സമരത്തിൽ സി.ഐ.ടി.യു., യു.ടി.യു.സി., ഐ.എൻ.ടി.യു.സി. (എസ്), എ.ഐ.ടി.യു.സി. എന്നീ സംഘടനകളാണ് പങ്കെടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിന് ബന്ധപ്പെട്ട കക്ഷികളുടെ അനുരഞ്ജനയോഗം 4—7—1986, 6—7—1986, 17—7—1986 എന്നീ തീയതികളിൽ ബഹു. ലേബർ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly